# PSC Ldc- Kerala State Coir Corporation Ltd/ Various/ Ncc/ Sainik Welfare/light Keeper And Signaller - Port Examination Previous Year Question Paper

***Exam Name:*** *Ldc- Kerala State Coir Corporation Ltd/ Various/ Ncc/ Sainik Welfare/light Keeper And Signaller - Port*

***Date of Test : 30.07.2016***

***Question Paper Code: 092/2016***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

# 092/2016-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിന്റെ തീരദേശത്തിന്റെ ദൈർഘ്യം എത്ര?
   (A) 560 കി.മീ. (B) 570 കി.മീ.
   (C) 580 കി.മീ. (D) 590 കി.മീ.

2. 1931 ൽ 38 ദിവസം നീണ്ടു നിന്ന 'യാചനയാത്ര' നടത്തിയ സാമൂഹ്യപരിഷ്ക്കർത്താവ് :
   (A) അയ്യങ്കാളി (B) മന്നത്ത് പത്മനാഭൻ
   (C) എ.കെ. ഗോപാലൻ (D) വി.ടി. ഭട്ടതിരിപ്പാട്

3. ഹിരാക്കുഡ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത് ഏത് നദിയിലാണ്?
   (A) മഹാനദി (B) ഗോദാവരി
   (C) കൃഷ്ണ (D) കാവേരി

4. ദത്താവകാശ നിരോധന നിയമം നടപ്പിലാക്കിയ ഗവർണ്ണർ ജനറൽ ആര്?
   (A) വില്യം ബെൻഡിക്ക് (B) ഡെൽഹൗസി
   (C) കോൺവാലീസ് (D) വെല്ലസ്ലി

5. ലൈഫ് ഇൻഷ്യുറൻസ് കോർപ്പറേഷൻ സ്ഥാപിതമായ വർഷം :
   (A) 1949 (B) 1956
   (C) 1969 (D) 1970

6. ഇപ്പോഴത്തെ ദേശീയ വിവരാവകാശ കമ്മീഷണർ ആര്?
   (A) രാധാകൃഷ്ണ മാധൂർ (B) എ.എൻ. തിവാരി
   (C) സുഷമാസിംഗ് (D) രാജീവ് മാധൂർ

7. 2015 ലെ ബാലൺ ഡി ഓർ പുരസ്ക്കാരം ലഭിച്ച ഫുട്ബോൾ കളിക്കാരൻ ആര്?
   (A) ക്രിസ്റ്റ്യാനോ റൊണാൾഡോ (B) നെയ്മർ
   (C) ലയണൽ മെസ്സി (D) അലക്സി സാഞ്ചസ്

8. കുരങ്ങുപനി പരത്തുന്നത് :
   (A) ബാക്ടീരിയ (B) ഫംഗസ്
   (C) പ്രോട്ടോസോവ (D) വൈറസ്



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

9. 'തൃപ്പടിദാനം' നടത്തിയ തിരുവിതാംകൂർ ഭരണാധികാരി :
(A) മാർത്താണ്ഡവർമ്മ (B) ധർമ്മരാജ
(C) ബാലരാമവർമ്മ (D) സ്വാതിതിരുനാൾ

10. തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്ന വർഷം :
(A) 1948 (B) 1949
(C) 1951 (D) 1956

11. ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം എന്നറിയപ്പെടുന്ന സംസ്ഥാനം :
(A) പഞ്ചാബ് (B) ഹരിയാന
(C) ഉത്തർപ്രദേശ് (D) മഹാരാഷ്ട്ര

12. ഇന്ത്യയുടെ സ്വാതന്ത്ര്യപതാകയായി 'ത്രിവർണ്ണപതാക' അംഗീകരിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമ്മേളനം നടന്ന സ്ഥലം :
(A) ലാഹോർ (B) പൂന
(C) കൊൽക്കത്ത (D) നാഗ്പ്പൂർ

13. ഇന്ത്യയിലുള്ള ദേശസാൽകൃത ബാങ്കുകളുടെ എണ്ണം എത്ര?
(A) 15 (B) 17
(C) 19 (D) 20

14. സൈബർ നിയമമനുസരിച്ച് കമ്പ്യൂട്ടർ ഹാക്കിങ്ങിന് പരമാവധി എത്ര വർഷം തടവുശിക്ഷ ലഭിക്കും?
(A) 1 (B) 2
(C) 3 (D) 5

15. 2015 ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്ക്കാരം ലഭിച്ച 'നാഷണൽ ഡയലോഗ് ക്വാർട്ടറ്റ്' ഏതു രാജ്യത്തെ സംഘടനയാണ്?
(A) സ്വീഡൻ (B) യുക്രെൻ
(C) ബെൽജിയം (D) ടുണീഷ്യ

16. വിമാനങ്ങളുടെ ടയറുകളിൽ നിറക്കുന്ന വാതകം :
(A) ഹീലിയം (B) നിയോൺ
(C) നൈട്രജൻ (D) ഹൈഡ്രജൻ

17. 'എൽനിനോ' പ്രതിഭാസം കാണപ്പെടുന്ന സമുദ്രതീരം :
(A) പസഫിക് സമുദ്രം (B) അറ്റ്ലാന്റിക് സമുദ്രം
(C) ഇന്ത്യൻ മഹാസമുദ്രം (D) ആർട്ടിക് സമുദ്രം



Join PSC WhatsApp Broadcast List : 90747 20773

18. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം :
    (A) പഞ്ചാബ്
    (B) കേരളം
    (C) ഗുജറാത്ത്
    (D) തമിഴ്നാട്

19. ദേശീയ ഭരണഘടനാ ദിനം എന്ന്?
    (A) ആഗസ്റ്റ് 15
    (B) ജനുവരി 26
    (C) നവംബർ 1
    (D) നവംബർ 26

20. ഇന്ത്യാ ഗവണ്മെന്റ് സ്ത്രീശാക്തീകരണത്തിനായി 'പൂർണ്ണശക്തി ദൗത്യം' ആരംഭിച്ചത് ഏത് വർഷം?
    (A) 2010
    (B) 2012
    (C) 2014
    (D) 2015

21. ഇന്ത്യയിൽ മുഗൾഭരണം സ്ഥാപിക്കപ്പെട്ട യുദ്ധം ഏത്?
    (A) ബക്സർ യുദ്ധം
    (B) പ്ലാസ്സി യുദ്ധം
    (C) കർണ്ണാട്ടിക് യുദ്ധം
    (D) പാനിപ്പത്ത് യുദ്ധം

22. സുവർണ്ണ ചതുഷ്ക്കോണ പാതയിൽ ഉൾപ്പെടാത്ത ഇന്ത്യൻ നഗരം ഏത്?
    (A) ഡൽഹി
    (B) ബാംഗ്ലൂർ
    (C) മുംബൈ
    (D) കൊൽക്കത്ത

23. കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി ഏത്?
    (A) ഇടുക്കി
    (B) ശബരിഗിരി
    (C) കുറ്റ്യാടി
    (D) പള്ളിവാസൽ

24. 'റിഗർ' എന്നറിയപ്പെടുന്ന മണ്ണ് ഏത്?
    (A) എക്കൽ മണ്ണ്
    (B) കറുത്ത മണ്ണ്
    (C) ചെമ്മണ്ണ്
    (D) ലാറ്ററൈറ്റ്

25. ക്ലോണിങ്ങിലൂടെ ലോകത്ത് ആദ്യമായി എരുമക്കിടാവ് ജനിച്ചത് ഏത് രാജ്യത്ത്?
    (A) ഫ്രാൻസ്
    (B) സ്കോട്ട്ലാന്റ്
    (C) ബ്രിട്ടൻ
    (D) ഇന്ത്യ

26. 2015 ൽ ഇന്ത്യ വിക്ഷേപിച്ച വാർത്താവിനിമയ ഉപഗ്രഹം :
    (A) ജി സാറ്റ് 1
    (B) ജി സാറ്റ് 6
    (C) ജി സാറ്റ് 7
    (D) ജി സാറ്റ് 15



Join PSC WhatsApp Broadcast List : 90747 20773

27. പ്രാഥമിക വർണ്ണങ്ങൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന നിറം :
   (A) വെളുപ്പ്
   (B) മഞ്ഞ
   (C) സിയാൻ
   (D) മജന്ത

28. ഇന്ത്യൻ 'മിസൈൽ പദ്ധതിയുടെ പിതാവ്' ആര്?
   (A) ഡോ. എ.പി.ജെ. അബ്ദുൾ കലാം
   (B) ഡോ. രാജാരാമണ്ണ
   (C) വിക്രം സാരാഭായ്
   (D) ഹോമി ജെ. ഭാഭ

29. എന്തിന്റെ കാലപ്പഴക്കം കണ്ടെത്താനാണ് കാർബൺ ഡേറ്റിങ്ങ് ഉപയോഗിക്കുന്നത്?
   (A) ഗുഹകൾ
   (B) സമുദ്രജീവികൾ
   (C) ഫോസിലുകൾ
   (D) പാറകൾ

30. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികൾ ഉള്ള സംസ്ഥാനം :
   (A) കേരളം
   (B) തമിഴ്നാട്
   (C) മിസ്സോറം
   (D) പഞ്ചാബ്

31. മൊബൈൽ ഫോണുകളിൽ ഉപയോഗിക്കുന്ന ബാറ്ററിയുടെ വോൾട്ടത എത്ര?
   (A) 1.5 വോൾട്ട്
   (B) 1.8 വോൾട്ട്
   (C) 3.7 വോൾട്ട്
   (D) 1.35 വോൾട്ട്

32. 2014 ലെ ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച 'ബാലചന്ദ്ര നെമാഡേക്കി'ന്റെ നോവൽ ഏത്?
   (A) കോസല
   (B) ഹൂൾ
   (C) ബിഢാർ
   (D) ജഗണ്യാച്ചിസമൃദ്ധ് അഢ്ഗൽ

33. ഇന്ത്യയുടെ റിപ്പബ്ലിക്ക് ദിനത്തിൽ പരേഡിൽ പങ്കെടുത്ത വിദേശ സൈന്യം ഏത് രാജ്യത്തിന്റേതായിരുന്നു?
   (A) അമേരിക്ക
   (B) ഫ്രാൻസ്
   (C) ജപ്പാൻ
   (D) ബ്രിട്ടൻ

34. മനുഷ്യാവകാശ കമ്മീഷന്റെ അധികാരത്തിൽ ഉൾപ്പെടാത്തത് ഏത്?
   (A) വനിതകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണം
   (B) തടവറകളിലെ അതിക്രമങ്ങൾ തടയൽ
   (C) ഭരണ നിർവ്വഹണ രംഗത്തെ പരിഷ്ക്കരണങ്ങൾ
   (D) വിവേചനങ്ങളിൽ നിന്നുള്ള സംരക്ഷണം

35. ഇന്ത്യയിൽ വൻകിട ജലസേചന പദ്ധതികൾ സ്ഥാപിച്ചത് ഏത് പഞ്ചവത്സര പദ്ധതിയിലാണ്?
   (A) ഒന്ന്
   (B) മൂന്ന്
   (C) അഞ്ച്
   (D) ഏഴ്



Join PSC WhatsApp Broadcast List : 90747 20773

36. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്ന വ്യവസായം ഏത്?
   - (A) കയർ
   - (B) കൈത്തറി
   - (C) കശുവണ്ടി
   - (D) ബീഡി

37. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച വർഷം ഏത്?
   - (A) 1924
   - (B) 1931
   - (C) 1936
   - (D) 1947

38. ഇന്ത്യയുമായി പഞ്ചശീല കരാറിൽ ഒപ്പിട്ട രാജ്യം ഏത്?
   - (A) പാക്കിസ്ഥാൻ
   - (B) ചൈന
   - (C) ബംഗ്ലാദേശ്
   - (D) ഭൂട്ടാൻ

39. 62-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരത്തിൽ ഏറ്റവും നല്ല മലയാള ചിത്രത്തിനുള്ള അവാർഡ് ലഭിച്ച ചിത്രം :
   - (A) ഒറ്റാൽ
   - (B) ഐൻ
   - (C) ഞാൻ
   - (D) ഓം ശാന്തി ഓശാന

40. 2015 ലെ G20 ഉച്ചക്കോടി നടന്ന രാഷ്ട്രം ഏത്?
   - (A) ഫ്രാൻസ്
   - (B) കാനഡ
   - (C) തുർക്കി
   - (D) റഷ്യ

41. പഞ്ചലോഹത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം ഏത്?
   - (A) സ്വർണ്ണം
   - (B) വെള്ളി
   - (C) ചെമ്പ്
   - (D) ടിൻ

42. റഷ്യയുടെ സഹായത്തോടെ ഇന്ത്യ വികസിപ്പിച്ച ക്രൂസ് മിസൈൽ ഏത്?
   - (A) ബ്രഹ്മോസ്
   - (B) പൃഥ്വി
   - (C) അഗ്നി
   - (D) ത്രിശൂൽ

43. ശബ്ദത്തേക്കാൾ രണ്ടിരട്ടി വേഗത്തെ കുറിക്കുന്ന പദം ഏത്?
   - (A) അൾട്രാ സോണിക്
   - (B) സൂപ്പർ സോണിക്
   - (C) ഇൻഫ്രാ സോണിക്
   - (D) സബ് സോണിക്



Join PSC WhatsApp Broadcast List : 90747 20773

44. ജീവിത ചെലവ് ഏറ്റവും കൂടുതലുള്ള ഇന്ത്യൻ നഗരം :

(A) ചെന്നൈ (B) ബാംഗ്ലൂർ

(C) ഡൽഹി (D) മുംബൈ

45. റാംസർ കൺവെൻഷനുകൾ സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യം എന്ത്?

(A) വന സംരക്ഷണം (B) തണ്ണീർത്തട സംരക്ഷണം

(C) മൃഗ സംരക്ഷണം (D) വായു സംരക്ഷണം

46. കാറ്റിൽ നിന്നും ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) രാജസ്ഥാൻ (B) ഗുജറാത്ത്

(C) ആന്ധ്രാപ്രദേശ് (D) തമിഴ്നാട്

47. കന്നുകാലികളിലെ ആന്ത്രാക്സ് രോഗത്തിനു കാരണമാകുന്ന രോഗാണു :

(A) വൈറസ് (B) ഫംഗസ്

(C) ബാക്ടീരിയ (D) പ്രോട്ടോസോവ

48. പ്ലൂട്ടോയുടെ അരികിലെത്തിയ ആദ്യ മനുഷ്യ നിർമ്മിത പേടകം നിർമ്മിച്ച രാജ്യം :

(A) അമേരിക്ക (B) ബ്രിട്ടൻ

(C) റഷ്യ (D) ജർമ്മനി

49. ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിക്കരാർ നിലവിൽ വന്ന വർഷം :

(A) 2012 (B) 2013

(C) 2014 (D) 2015

50. കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂവിസ്തൃതിയിൽ കൃഷി ചെയ്യുന്ന വിള ഏത്?

(A) നെല്ല് (B) തെങ്ങ്

(C) റബ്ബർ (D) കുരുമുളക്

51. ബ്രഹ്മസമാജ സ്ഥാപകൻ ആര്?

(A) രാജാറാം മോഹൻ റോയ് (B) സ്വാമി വിവേകാനന്ദൻ

(C) ദയാനന്ദ സരസ്വതി (D) കേശവ് ചന്ദ്രസെൻ

52. 'ജാതിക്കുമ്മി' എന്ന കൃതി രചിച്ചതാര്?

(A) ശ്രീനാരായണഗുരു (B) ചട്ടമ്പി സ്വാമികൾ

(C) കുമാരനാശാൻ (D) പണ്ഡിറ്റ് കറുപ്പൻ



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

53. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അക്രമങ്ങൾ തടയുന്നതിനായി 2014 ഫെബ്രുവരിയിൽ കേരള സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി ഏത്?

(A) ഉജ്ജ്വല (B) നിർഭയ
(C) സ്നേഹസ്പർശം (D) സ്വാധർസ്ക്കീം

54. ഇന്ത്യയിലെ ഏറ്റവും ലാഭകരമായ പൊതുമേഖല സ്റ്റീൽ പ്ലാന്റ് ഏത്?

(A) ഭിലായ് (B) റൂർക്കല
(C) ബൊക്കാറോ (D) ദുർഗ്ഗാപ്പൂർ

55. ബ്രിട്ടീഷ് അധികാരത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം ഏത്?

(A) കുറിച്യ സമരം (B) അഞ്ചുതെങ്ങ് കലാപം
(C) ആറ്റിങ്ങൽ കലാപം (D) മലബാർ ലഹള

56. 'ഉത്പാദന കേന്ദ്രമായി ഇന്ത്യയെ മാറ്റുന്ന'തിനായി 2014 സെപ്റ്റംബർ 25 ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പദ്ധതി ഏത്?

(A) ഡിജിറ്റൽ ഇന്ത്യ (B) മെയ്ക് ഇൻ ഇന്ത്യ
(C) ജൻധൻ യോജന (D) സൻസദ് ആദർശ ഗ്രാമ യോജന

57. റഷ്യൻ സഹായത്തോടെ തമിഴ്നാട്ടിൽ നിർമ്മിച്ച ആണവനിലയം ഏത്?

(A) കൂടംകുളം (B) നറോറ
(C) കൈഗ (D) കൽപ്പാക്കം

58. 'ആസ്ട്രോസാറ്റി'ന്റെ വിക്ഷേപണത്തോടെ സ്വന്തമായി ബഹിരാകാശ ടെലിസ്ക്കോപ്പ് വിക്ഷേപിച്ച രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് എത്രാം സ്ഥാനമാണ്?

(A) 2 (B) 3
(C) 4 (D) 5

59. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നിയമം നിലവിൽ വന്ന വർഷം ഏത്?

(A) 1955 (B) 1975
(C) 1989 (D) 1995

60. ഇന്ത്യയെ നൂറ് ഏകദിന ക്രിക്കറ്റിൽ വിജയിപ്പിച്ച ഇന്ത്യൻ ക്യാപ്റ്റൻ :

(A) സച്ചിൻ ടെൻഡുൽക്കർ (B) മഹേന്ദ്ര സിംഗ് ധോണി
(C) സൗരവ് ഗാംഗുലി (D) മുഹമ്മദ് അസ്ഹറുദ്ദീൻ



Join PSC WhatsApp Broadcast List : 90747 20773

61. "It is a lovely scene" is an example for :
(A) Exclamatory sentence
(B) Assertive sentence
(C) Imperative sentence
(D) Interrogative sentence

62. She is one ———— we can trust.
(A) that
(B) who
(C) which
(D) whom

63. Mango is ———— than apple.
(A) sweet
(B) more sweet
(C) sweeter
(D) most sweet

64. The passive form of "she was correcting our papers" is :
(A) Our papers were being corrected by her
(B) Our papers was being corrected by her
(C) Our papers was corrected by her
(D) Our papers were corrected by her

65. He is ———— honourable man.
(A) the
(B) a
(C) an
(D) that

66. When we were young, we ———— play most of the time.
(A) can
(B) could
(C) may
(D) might

67. Neither of the brothers knew the answer, :
(A) do they?
(B) did they?
(C) didn't they?
(D) does they?

68. You will get high marks, :
(A) if you worked hard
(B) if you had worked hard
(C) if you has worked hard
(D) if you work hard

69. Patient to doctor : "Can I take solid food?"

The reported form of the above sentence is :

(A) The patient asked the doctor could took she solid food
(B) The patient asked the doctor whether could she take solid food
(C) The patient asked the doctor whether she could take solid food
(D) The patient asked the doctor can she taken solid food



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

70. No body should be deprived ———— the opportunities to come up in life.
(A) for
(B) with
(C) to
(D) of

71. The feminine gender of bachelor is :
(A) lady
(B) madam
(C) maid
(D) signora

72. Find out the correct spelling of :
(A) Leiutenant
(B) Lieutenant
(C) Lieutenent
(D) Leiutanant

73. He ———— some useful tips. Choose the correct phrasal verb.
(A) put up with
(B) put in
(C) put aside
(D) put forward

74. The antonym of the word 'fragrance' is :
(A) stench
(B) stale
(C) stanch
(D) stalk

75. A synonym for the word 'disgust' is :
(A) discard
(B) dislike
(C) disgrace
(D) disparity

76. Complete the sentence using the appropriate idiom :
The Manager insisted that the agreement must be made
(A) On cloud nine
(B) Once in a blue moon
(C) To make both ends meet
(D) In black and white

77. Either the parents or the boy ———— in this affair.
(A) is to blame
(B) are to blame
(C) were to blame
(D) was to blame

78. One word substitute for "an unfortunate accident" :
(A) misnomer
(B) misdeed
(C) mishap
(D) miscount

79. The Latin word 'Magnum opus' means :
(A) with bad faith
(B) a worthless fellow
(C) at my own risk
(D) a great work

80. Noun form of 'educate' is :
(A) education
(B) educational
(C) educationist
(D) educator



Join PSC WhatsApp Broadcast List : 90747 20773.

PSCNET.in

81. ഒരു സംഖ്യയുടെ 20% എന്നത് 40 ന്റെ 30% ആണ്. സംഖ്യ ഏത്?

(A) 90 (B) 80

(C) 60 (D) 50

82. $\frac{1}{10}+\frac{1}{15}$ ന്റെ വില എന്ത്?

(A) $\frac{2}{25}$ (B) $\frac{1}{6}$

(C) $\frac{1}{5}$ (D) $\frac{1}{75}$

83. $(24)^{3.5} \div 24 = 24^{m}$ എങ്കിൽ 'm' ന്റെ വില എത്ര?

(A) 3.5 (B) 2

(C) 3 (D) 2.5

84. ഒരു ഗോളത്തിന്റെ വ്യാപ്തത്തിനെ അതിന്റെ ഉപരിതല വിസ്തീർണ്ണം കൊണ്ട് ഹരിക്കുമ്പോൾ 30 എന്ന് കിട്ടുന്നുവെങ്കിൽ ഗോളത്തിന്റെ ആരമെത്ര?

(A) 90 cm (B) 9 cm

(C) 81 cm (D) 8 cm

85. വൈകിട്ട് 5.00 മണിയ്ക്ക് ഒരു പോസ്റ്റിന് അഭിമുഖമായി നിൽക്കുന്ന ഒരാളുടെ നിഴൽ അയാളുടെ ഇടതുവശത്താണെങ്കിൽ അയാൾ ഏത് ദിക്കിലേയ്ക്കാണ് നോക്കി നിൽക്കുന്നത്?

(A) കിഴക്ക് (B) തെക്ക്

(C) പടിഞ്ഞാറ് (D) വടക്ക്

86. ഒരു ക്ലോക്കിന്റെ പ്രതിബിംബത്തിൽ സമയം 7.20 ആയാൽ യഥാർത്ഥ സമയം എന്ത്?

(A) 3.20 (B) 4.40

(C) 3.40 (D) 7.20

87. ഒരു കോഡുഭാഷയിൽ DOCTOR നെ GLFQRO എന്നെഴുതിയാൽ SISTER നെ എങ്ങനെ എഴുതാം?

(A) VKGVKT (B) ISTSRD

(C) VFVQHO (D) ISTSHO



Join PSC WhatsApp Broadcast List : 90747 20773

88. ബാബുവിന്റെ പ്രായം സാബുവിന്റെ പ്രായത്തിന്റെ രണ്ട് മടങ്ങാണ്. 3 വർഷം മുൻപ് ബാബുവിന്റെയും സാബുവിന്റെയും പ്രായം തമ്മിലുള്ള അംശബന്ധം 15 : 7 ആയിരുന്നുവെങ്കിൽ ബാബുവിന്റെ ഇപ്പോഴത്തെ പ്രായമെത്ര?

(A) 52 (B) 24

(C) 21 (D) 48

89. A, B യുടെ അച്ഛനാണ്. C, D യുടെ സഹോദരനാണ്. E, C യുടെ അമ്മയാണ്. B യും D യും സഹോദരന്മാരാണ്. E യ്ക്ക് A യുമായുള്ള ബന്ധം എന്ത്?

(A) ഭാര്യ (B) ഭർത്താവ്

(C) സഹോദരി (D) അച്ഛൻ

90. മാർച്ച് 3 വ്യാഴാഴ്ചയായാൽ മെയ് 21 ഏത് ദിവസമാണ്?

(A) തിങ്കൾ (B) ചൊവ്വ

(C) ശനി (D) വ്യാഴം

91. a = അധികം, b = ഗുണനം, c = ഹരണം, d = ന്യൂനം ആയാൽ 14b7d18c16a25 ന്റെ വില എത്ര?

(A) 8 (B) 30

(C) 27 (D) 71

92. ക്ലോക്കിൽ സമയം 4 മണി. മിനിട്ടു സൂചിയും മണിക്കൂർ സൂചിയും നിർണ്ണയിക്കുന്ന കോൺ എത്ര?

(A) 115° (B) 60°

(C) 150° (D) 120°

93. താഴെത്തന്നിരിക്കുന്ന ശ്രേണിയിലെ അടുത്ത പദം ഏത്?

1, 3, 8, 19, 42, 89, ....

(A) 178 (B) 182

(C) 184 (D) 186

94. ഒറ്റയാനെ കണ്ടെത്തുക :

(A) 51 (B) 23

(C) 43 (D) 37



Join PSC WhatsApp Broadcast List : 90747 20773

95. 200 നും 500 നും ഇടയിൽ 7 ന്റെ എത്ര ഗുണിതങ്ങൾ ഉണ്ട്?

(A) 39 (B) 41
(C) 43 (D) 45

96. 60 ആളുകൾ 15 ദിവസം കൊണ്ട് തീർക്കുന്ന ജോലി 12 ദിവസം കൊണ്ട് തീർക്കണമെങ്കിൽ എത്ര പേരെ കൂടുതൽ നിയമിക്കണം?

(A) 15 (B) 18
(C) 20 (D) 12

97. ഒരു വാഹനം ആകെ ദൂരത്തിന്റെ ആദ്യ പകുതി 20 km/hr വേഗതയിലും ബാക്കി ദൂരം 30 km/hr വേഗതയിലും സഞ്ചരിച്ചാൽ ശരാശരി വേഗത?

(A) 25 km/hr (B) 28 km/hr
(C) 22 km/hr (D) 24 km/hr

98. $\sqrt{10+\sqrt{29+\sqrt{40+\sqrt{81}}}}$ ന്റെ വിലയെന്ത്?

(A) 2 (B) 4
(C) 10 (D) 8

99. രാജു 8% സാധാരണ പലിശ നിരക്കിൽ ബാങ്കിൽ നിന്നും ഒരു നിശ്ചിത തുക ലോൺ എടുക്കുകയും ആ തുക ബിജുവിന് 12% സാധാരണ പലിശ നിരക്കിൽ കടം കൊടുക്കുകയും ചെയ്യു. 12 വർഷത്തിനുശേഷം ഈ ഇടപാടിൽ നിന്ന് രാജുവിന് 480 രൂപ ലാഭം കിട്ടിയെങ്കിൽ അയാൾ ബാങ്കിൽ നിന്നും ലോണെടുത്ത തുക എത്ര?

(A) 2000 (B) 3000
(C) 4000 (D) 1000

100. 30 ജീവനക്കാരുടെ ശരാശരി ശമ്പളം 4,000 രൂപ ഒരാൾ കൂടി ചേർന്നപ്പോൾ ശരാശരി ശമ്പളം 4,300 രൂപയായാൽ പുതുതായി ചേർന്നയാളുടെ ശമ്പളമെത്ര?

(A) 13,300 (B) 13,000
(C) 12,200 (D) 12,000

---



Join PSC WhatsApp Broadcast List : 90747 20773